കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 62091/ഇഎം1/10/തസ്വഭവ തിരുവനന്തപുരം, തീയതി: 08/10/2010.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെ തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്

സൂചന:- 1) 20-08-2010 -ലെ സ.ഉ.(സാധാ) 2805/2010/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2) 20-08-2010 -ലെ സ.ഉ.(സാധാ) 2806/2010/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലേക്കും ബ്ലോക്ക് പഞ്ചായത്തുകളിലേക്കും ജില്ലാ പഞ്ചായത്തുകളിലേക്കും മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും 2010 ഒക്ടോബറിൽ നടക്കുന്ന പൊതുതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും ഫല പ്രഖ്യാപനവും കഴിഞ്ഞതിനുശേഷം, പൊതുതെരഞ്ഞെടുപ്പിനെത്തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും അത് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനു പുറമേ ഇത് സംബന്ധിച്ച് താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സംസ്ഥാനത്തെ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലെ ആദ്യ അംഗത്തെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യിക്കുന്നത് അതാതു പഞ്ചായത്തിന്റെ വരണാധികാരി ആയിരിക്കും. മുനിസിപ്പൽ കൗൺസിലുകളുടെ കാര്യത്തിലും ബന്ധപ്പെട്ട വരണാധികാരി ആയിരിക്കും ഈ കർത്തവ്യം നിർവ്വഹിക്കുന്നത്. എന്നാൽ ഒന്നിൽ കൂടുതൽ വരണാധികാരികളുള്ള മുനിസിപ്പൽ കൗൺസിലുകളിൽ, സൂചന (2) പ്രകാരം പ്രത്യേകം നിയോഗിക്കപ്പെട്ട വരണാധികാരി ആയിരിക്കും ഈ കർത്തവ്യം നിർവ്വഹിക്കേണ്ടത്. മുനിസിപ്പൽ കോർപ്പറേഷനുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ് ആദ്യ അംഗത്തെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യിക്കേണ്ടത്. മേൽപ്പറഞ്ഞ പ്രതിജ്ഞാ ചടങ്ങുകൾക്ക് ഗ്രാമ പഞ്ചായത്തുകളുടെ കാര്യത്തിൽ അതാത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാരും മുനിസിപ്പാലിറ്റികളുടെയും നഗരസഭകളുടെയും കാര്യത്തിൽ അതാതു മുനിസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാരും ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ അതാതു ജില്ലാ കളക്ടർമാരും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിജ്ഞയെടുക്കൽ ചടങ്ങുകൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന്റെ സമഗ്ര മേൽനോട്ടം അതത് ജില്ലാ കളക്ടർമാർക്കായിരിക്കും.

2) ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലേയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ ഒരു അംഗത്തെ സൂചനയിലെ ഉത്തരവുകൾ പ്രകാരം സർക്കാർ ഈ ആവശ്യത്തിലേക്കായി നാമനിർദ്ദേശം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥർ കണ്ടുപിടിക്കേണ്ടതും ആ അംഗത്തിനോട് 2010 നവംബർ മാസം 1-ാം തീയതി പ്രതിജ്ഞയെടുക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഹാജരാകാൻ രേഖാമൂലം ആവശ്യപ്പെടേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തുകളുടേയും, ബ്ലോക്ക് പഞ്ചായത്തുകളുടേയും, ജില്ലാ പഞ്ചായത്തുകളുടേയും, മുനിസിപ്പൽ കൗൺസിലുകളുടേയും സംഗതിയിൽ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ 2010 നവംബർ 1-ാം തീയതി രാവിലെ 10 മണിക്കും. മുനിസിപ്പൽ കോർപ്പറേഷനുകളുടെ സംഗതിയിൽ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ അന്നേ ദിവസം പകൽ 11.30 മണിക്കുമാണ് നടത്തേണ്ടത്.

3) ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലേയും തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും അതത് സംഗതിപോലെ 2010 നവംബർ മാസം 1-ാം തീയതി ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പ്രതിജ്ഞയെടുക്കൽ ചടങ്ങിന് സംബന്ധിക്കണമെന്നാവശ്യപ്പെട്ട് രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്.

4) ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലേയും തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളേയും, ആദ്യം സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്ത അംഗം സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യിക്കേണ്ടതാണ്. ഈ കാര്യത്തിൽ വരണാധികാരിയും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിലെ സെക്രട്ടറിയും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

5) സത്യപ്രതിജ്ഞ ചടങ്ങു കഴിഞ്ഞാലുടൻ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ആദ്യയോഗം ചേർേണ്ടതാണ്. അപ്രകാരം ചേരുന്ന യോഗത്തിൽ ആദ്യം പ്രതിജ്ഞ ചെയ്ത അംഗം അദ്ധ്യക്ഷത വഹിക്കേണ്ടതാണ്. ഇപ്രകാരം ചേരുന്ന യോഗത്തിൽ പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ/വൈസ് പ്രസിഡന്റ്/വൈസ് ചെയർപേഴ്സൺ/ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കുന്നതാണെന്ന സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ അറിയിപ്പ് പ്രസ്തുത തദ്ദേശ ഭരണ സ്ഥാപനത്തിലെ സെക്രട്ടറി വായിക്കേണ്ടതാണ്. ഇതിനായി കമ്മീഷനിൽ നിന്നുള്ള നിർദ്ദേശങ്ങൾ പ്രത്യേകം ലഭ്യമാകുന്നതാണ്.

6) പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ/വൈസ് പ്രസിഡന്റ്/വൈസ് ചെയർപേഴ്സൺ/ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്, അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേക്കായി സംസ്ഥാന ഇലക്ഷൻ കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള വരണാധികാരികൾ നടത്തേണ്ടതാണ്. അതിന്റെ റിപ്പോർട്ട് ഇലക്ഷൻ കമ്മീഷനും സർക്കാരിനും ബന്ധപ്പെട്ട വരണാധികാരികൾ നൽകേണ്ടതാണ്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്കനുസൃതമായി ക്രമീകരണങ്ങൾ ഏർപ്പാടു ചെയ്യുവാൻ ബന്ധപ്പെട്ട എല്ലാവരോടും നിർദ്ദേശിക്കുന്നു.

എസ്.എം. വിജയാനന്ദ്,

പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്.
എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ